## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4400** **04/02/2014-ൽ മറുപടിക്ക്**

**എസ്.എസ്.എൽ.സി.യിലെ തെറ്റുകൾ തിരുത്താൻ അദാലത്ത്**

ചോദ്യം

ശ്രീ. പി. ഉബൈദുള്ള

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ എസ്.എസ്.എൽ.സി.യിലെ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള അദാലത്തുകൾ ഏതെല്ലാം ജില്ലകളിൽ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എ) തിരുവനന്തപുരം ഒഴികെയുള്ള 13 ജില്ലകളിൽ സ്പെഷ്യൽ അദാലത്ത് പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലും എന്നാണ് അദാലത്തുകൾ നടത്തിയതെന്നും, എത്ര അപേക്ഷകൾ കൈപ്പറ്റിയെന്നും വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ അദാലത്ത് നടന്ന തീയതികൾ ക്രമപ്രകാരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | തീയതി | അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| 1. | മലപ്പുറം | 30.6.2012. | 5516 |
| 2. | കണ്ണൂർ | 21.7.2012 | 5456 |
| 3. | പത്തനംതിട്ട | 3.11.2012 | 2020 |
| 4. | ഇടുക്കി | 17.11.2012 | 1088 |
| 5. | കാസർഗോഡ് | 1.12.2012 | 2099 |
| 6. | വയനാട് | 22.12.2012 | 1344 |
| 7. | തൃശ്ശൂർ | 5.1.2013 | 3135 |
| 8. | കോഴിക്കോട് | 2.2.2013 | 2020 |
| 9. | പാലക്കാട് | 27.7.2013 | 3120 |
| 10. | എറണാകുളം | 24.8.2013 | 2367 |
| 11. | കോട്ടയം | 23.11.2013 | 908 |
| 12. | ആലപ്പുഴ | 21.12.2013 | 1089 |
| 13. | കൊല്ലം | 18.1.2014 | 2608 |
| | **ആകെ** | | **32,770** |

(സി) ഫീസിനത്തിൽ സർക്കാരിന് ഇതുവഴി എന്തു വരുമാനം ലഭിച്ചു; കണക്കുകൾ വിശദമാക്കുമോ;

(സി)

| | | |
|---|---|---|
| ആകെ ലഭിച്ച വരുമാനം | - | 1,57,31,000/- രൂ (ഒരുകോടി അൻപത്തിയേഴ് ലക്ഷത്തി മുപ്പത്തിയൊന്നായിരം രൂപ) |
| ജനനത്തീയതി വ്യതിയാനവുമായി ബന്ധപ്പെട്ട് ആകെ ലഭിച്ച അപേക്ഷകൾ | - | 30578 |
| ഫീസ് സൗജന്യമുള്ളവ | - | 306 |
| മറ്റ് തിരുത്തലുകൾ ഉള്ളവ | - | 350 |
| ലഭിച്ച തുക | - | 350 x 30രൂപ = 10,500/- രൂപ |
| ഫീസൊടുക്കിയ അപേക്ഷകൾ | - | 29922 |
| ലഭിച്ച തുക | - | 29922 x 500രൂപ =1,49,61,000/ |
| യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ എണ്ണം | - | 2192 |
| ഫീസ് സൗജന്യമുള്ളവ | - | 22 |
| ഫീസൊടുക്കിയ അപേക്ഷകൾ | - | 2170 |
| ലഭിച്ചതുക | - | 2170 x 350 രൂ =7,59,500/-രൂ |

(ഡി) അദാലത്തുകളിൽ ലഭിച്ച എത്ര അപേക്ഷകളിൽ അന്തിമതീർപ്പ് കൽപ്പിച്ചും തെറ്റുകൾ തിരുത്തിയും സർട്ടിഫിക്കറ്റുകൾ വിദ്യാർത്ഥികൾക്ക് കൈമാറിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൊല്ലം ഒഴികെയുള്ള 12 ജില്ലകളിൽ നിന്നും സമാഹരിച്ച അപേക്ഷകൾ പൂർണ്ണമായും നടപടിക്രമങ്ങൾ പൂർത്തിയാക്കി വിതരണം ചെയ്തു കഴിഞ്ഞു. 18.1.2014-ൽ കൊല്ലം ജില്ലയിൽ നിന്നും സമാഹരിച്ച 2608 അപേക്ഷകളിൻമേൽ വിതരണത്തിനുള്ള നടപടിക്രമങ്ങൾ ഭാഗികമായി പൂർത്തിയായിക്കഴിഞ്ഞു. സമയബന്ധിതമായി ഇവ അപേക്ഷകരിൽ എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പരീക്ഷാ ഭവൻ അദാലത്തുകൾ ഇതേ മാതൃകയിൽ തുടർന്നും സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

| | | | |
|---|---|---|---|
| (എഫ്) | അദാലത്തിൽ പങ്കെടുത്ത ജീവനക്കാർക്ക് എന്തെങ്കിലും അധിഷണൽ അലവൻസുകൾ നൽകിയിട്ടുണ്ടോ; ഓരോ തസ്തികയിലെയും ജീവനക്കാർക്കു നൽകിയ അലവൻസുകളുടെ നിരക്കുകൾ എത്രയായിരുന്നു; വ്യക്തമാക്കാമോ? | (എഫ്) | അധിഷണൽ അലവൻസുകൾ നൽകിയിട്ടില്ല. |

Sreedevi

**സെക്ഷൻ ഓഫീസർ**